ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.11.2024**

## പ്രധാനവാർത്തകൾ

1. മനുഷ്യരാശിയ്ക്ക് അപകടരമാകുന്ന എല്ലാ പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.
2. വൈജ്ഞാനിക നൂതനത്വ സമൂഹമായി കേരളത്തെ പരിവർത്തപ്പെടുത്താനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മലയാള ദിന- ഭരണ ഭാഷാ വാരാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യന്ത്രി നിർവ്വഹിച്ചു.
3. സംസ്ഥാനത്ത് ഈ അധ്യയന വർഷത്തെ എസ്എസ് എൽ സി, ഹയർ സെക്കണ്ടറി പരീക്ഷ തീയതികൾ പ്രഖ്യാപിച്ചു.
4. ശബരിമല തീർഥാടനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായെന്നും ഭക്തർക്ക് സുഗമമായ തീർഥാടനം ഉറപ്പുവരുത്തുമെന്നും മന്ത്രി വി.എൻ. വാസവൻ
5. 2024 ലെ എഴുത്തച്ഛൻ പുരസ്ക്കാരം എൻ എസ് മാധവന്.
6. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത

***************

RNU TVPM

## യൂത്ത് എക്സ്ചഞ്ച് പരിപാടി-ഗവർണർ

ലോകം മുഴുവൻ ഒരു കുടുംബമെന്നതാണ്
ഇന്ത്യയുടെ ആപ്തവാക്യമെന്നും മനുഷ്യരാശിയ്ക്ക്
അപകടരമാകുന്ന എല്ലാ പ്രശ്നങ്ങളെയും അഭിസംബോധന
ചെയ്യണമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. കേന്ദ്ര
യുവജനകാര്യ കായിക മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം,
നെഹ്റു യുവ കേന്ദ്ര എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ
സംഘടിപ്പിക്കുന്ന കാശ്മീർ യൂത്ത് എക്സ്ചേഞ്ച് പരിപാടി
തിരുവനന്തപുരത്ത് ഉദ്ഘാടനം
ചെയ്യുകയായിരുന്നു ഗവർണർ. ഇന്ന് മുതൽ നവംബർ ആറ്
വരെയാണ് പരിപാടി.

***************

## മുഖ്യമന്ത്രി (ഇൻട്രോ)

വൈജ്ഞാനിക നൂതനത്വ സമൂഹമായി കേരളത്തെ
പരിവർത്തപ്പെടുത്താനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ
നടത്തി വരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
വിജ്ഞാന വിതരണം സുഗമമാകണമെങ്കിൽ ഏറ്റവും
ശക്തിപ്പെടേണ്ട ഒന്നാണ് മാതൃഭാഷയുടെ
ഉപയോഗമെന്നും സമൂഹത്തിൻറെ എല്ലാ തലങ്ങളിലേയ്ക്കും
അറിവ് എത്തിക്കാൻ മാതൃഭാഷയോളം മികവുറ്റ മറ്റൊരു
ഉപാധി ഇല്ലെന്നും അദ്ദേഹം പറഞ്ഞു. മലയാള ദിന- ഭരണ
ഭാഷാ വാരാഘോഷ പരിപാടികളുടെ സംസ്ഥാനതല
ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.
(ഹോൾഡ് വോയ്സ്)

***************

## യുവജന പുരസ്കാരം

2022-23ലെ ദേശീയ യുവജന പുരസ്കാരങ്ങൾക്ക്
അപേക്ഷിക്കാൻ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് കേന്ദ്ര
യുവജനകാര്യമന്ത്രി മൻസുഖ് മാണ്ഡവ്യ. കായികം,
ആരോഗ്യം, സാമൂഹിക സേവനം, മനുഷ്യാവകാശങ്ങളുടെ
പ്രോത്സാഹനം, ശാസ്ത്രം, ഗവേഷണം, എന്നിങ്ങനെ വിവിധ
മേഖലകളിലായി ഇന്ത്യയുടെ വികസനത്തിനും സാമൂഹിക

RNU TVPM

പുരോഗതിക്കുമായി പ്രവർത്തിക്കുന്ന യുവജനങ്ങളുടെ സംഭാവനകൾക്കുള്ള അംഗീകാരമാണ് ദേശീയ യുവജന പുരസ്കാരം. നവംബർ 1 മുതൽ നവംബർ 15 വരെ ആഭ്യന്തര മന്ത്രാലയത്തിൻ്റെ പൊതു അവാർഡ് പോർട്ടലിലൂടെ പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്.

***************

## പത്തനംതിട്ട-കേരളപ്പിറവി (ഇൻട്രോ)

കേരളപ്പിറവി ദിനത്തിൽ പിറന്നാൾ ആഘോഷിക്കുന്ന ജില്ലയാണ് പത്തനംതിട്ട. പത്തനംതിട്ട ജില്ലക്കിത് 42-
ാാം പിറന്നാൾ ദിനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി ശ്രീധർ.

(വോയ്സ്)

***************

## ശബരിമല മന്ത്രി വി.എൻ. വാസവൻ

RNU TVPM

ശബരിമല തീർഥാടനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായെന്നും ഭക്തർക്ക് സുഗമമായ തീർഥാടനം ഉറപ്പുവരുത്തുമെന്നും മന്ത്രി വി.എൻ. വാസവൻ. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് കടപ്പാട്ടൂർ ഇടത്താവളത്തിലെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി നടന്ന അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.നാളെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് മണ്ഡലകാല ഒരുക്കങ്ങളുടെ അന്തിമഅവലോകനം നടക്കുമെന്നും മന്ത്രി അറിയിച്ചു. ലഹരിക്കെതിരേയുള്ള പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി കടപ്പാട്ടൂരിലും പരിസരപ്രദേശങ്ങളിലും എക്സൈസ് വകുപ്പ് രണ്ട് പട്രോളിങ് യൂണിറ്റുകളെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു.

***************

## ഉപതിരഞ്ഞെടുപ്പ്-പ്രചാരണം

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ

മണ്ഡലങ്ങളിലും തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായി.

വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ വികസനവും വിവാദങ്ങളും വിഷയമാക്കി പ്രചാരണ രംഗം സജീവമാണ്. വയനാട്ടിലെ എൽ ഡി എഫ് സ്ഥാനാർഥി സത്യൻ മൊകേരി മുക്കം നഗരസഭയിൽ ഇന്ന് പര്യടനം നടത്തി. വയനാട് ലോകസഭാ മണ്ഡലം NDA സ്ഥാനാർത്ഥി നവ്യ ഹരിദാസ് മാനന്തവാടി മണ്ഡലത്തിൽ പര്യടനം തുടരുന്നു. പ്രധാനമായും പ്രദേശത്തെ ഗോത്ര ഊരുകൾ കേന്ദ്രീകരിച്ചാണ് പ്രചാരണം. വയനാട് ലോക്സഭ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ രണ്ടാം ഘട്ട പ്രചാരണം ഈ മാസം 3 മുതൽ 7 വരെ നടക്കും.

***************

## ചേലക്കര-സംഘർഷം

തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ചേലക്കര ചെറുതുരുത്തിയിൽ സംഘർഷം. യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സിപിഎം പഞ്ചായത്ത് പ്രസിഡന്റിൻ്റെ നേതൃത്വത്തിൽ മർദ്ദിച്ചതായി പരാതി. യൂത്ത് കോൺഗ്രസ് പ്രവർത്തകരായ നിഷാദ് തലശ്ശേരിക്കും ഷമീർ തലശ്ശേരിക്ക്മാണ് മർദ്ദനമേറ്റത്.

PNU TVPM

***************

## കാസർഗോഡ് -വെടിക്കെട്ട് ജാമ്യം

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർക്കാവിലെ വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ക്ഷേത്രം ഭാരവാഹികൾക്ക് കോടതി ജാമ്യം അനുവദിച്ചു. ഹൊസ്ദുർഗ് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചത്. അപകടത്തിൽ പരിക്കേറ്റവർ ഇപ്പോഴും ആശുപത്രിയിൽ തുടരുകയാണ്.

***************

## ശിവൻകുട്ടി (ഇൻട്രോ)

സംസ്ഥാനത്ത് ഈ അധ്യയന വർഷത്തെ എസ്എസ് എൽ സി, ഹയർ സെക്കണ്ടറി പരീക്ഷ തീയതികൾ

പ്രഖ്യാപിച്ചു. എസ്എസ് എൽസി പരീക്ഷ 2025, മാർച്ച് 3 മുതൽ 26 വരെയും ഹയർ സെക്കണ്ടറി പരീക്ഷ മാർച്ച് 6 മുതൽ 29 വരെയും നടക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. (ഹോൾഡ് വോയ്സ്)

***************

## എഴുത്തച്ഛൻ പുരസ്കാരം

2024 ലെ എഴുത്തച്ഛൻ പുരസ്ക്കാരം എൻ എസ് മാധവന്. 5 ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം.

***************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഏട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളാ തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

***************

## പേപ്പാറ ഡാം

പേപ്പാറ ഡാമിൻ്റെ വൃഷ്ടി പ്രദേശത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് രാത്രി 10:00 മണി മുതൽ ഷട്ടറുകൾ 10 cm വീതം ഉയർത്തുമെന്നും സമീപവാസികൾ ജാഗ്രത പുലർത്തണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

***************

## ക്രിക്കറ്റ്

മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലൻഡിന്റെ ആദ്യ ഇന്നിംഗ്സ് 235ന് അവസാനിച്ചു. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത കിവീസിന് 65.4 ഓവറിൽ 235 ന് എല്ലാവരും പുറത്താവുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, ആദ്യ ദിവസം കളി അവസാനിപ്പിക്കുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 86 റൺസ് എന്ന നിലയിലാണ്. ആദ്യ രണ്ട്

RNU TVPM

മത്സരങ്ങളും വിജയിച്ച ന്യൂസിലന്റ് നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

***************

## കാതോലിക്ക ബാവ

കാലം ചെയ്ത യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം നാളെ ഉച്ചകഴിഞ്ഞ് നടക്കും. സമൂഹത്തിന്റെ നാന തുറയിൽ നിന്നുള്ളവർ ബാവക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്ന കാതോലിക്ക ബാവ ഇന്നലെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലാണ് അന്തരിച്ചത്.

***************

## പി പി ദിവ്യ

PNU TVPM

എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ റിമാൻഡിലായ കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ തലശേരി സെഷൻസ് കോടതിയിൽ നൽകിയ ജാമ്യ ഹർജിയുടെ വിധി പറയുന്നത് ഈ മാസം അഞ്ചിലേക്ക് മാറ്റി. അതേസമയം, പി പി ദിവ്യയെ പോലീസ് കസ്റ്റഡിയിൽ വിടാൻ കോടതി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇന്ന് പോലീസ് ചോദ്യം ചെയ്തിരുന്നു. കോടതി മുൻകൂർ ജാമ്യ ഹർജി തള്ളിയതിനു പിന്നാലെയാണ് കഴിഞ്ഞദിവസം ദിവ്യ അന്വേഷണ സംഘത്തിന് മുന്നിൽ കീഴടങ്ങിയത്.

***************

## കെ.പി ഉദയഭാനു

എ.ഡി.എം നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകർക്കെതിരെ കേസ് എടുക്കണമെന്ന് സി.പി.ഐ.എം പത്തനംതിട്ട ജില്ലാ സെക്രട്ടറി കെ.പി ഉദയഭാനു. മാധ്യമങ്ങളിൽ വന്ന വാർത്തകൾ നവീൻ ബാബുവിന് മാനസികമായി വിഷമം ഉണ്ടാക്കിയതായി

അദ്ദേഹം പറഞ്ഞു .പി.പി. ദിവ്യക്കെതിരെ സംഘടന നടപടി വേണ്ട എന്ന് പാർട്ടി തീരുമാനിച്ചിട്ടില്ല എന്നും ഉദയഭാനു വ്യക്തമാക്കി.

***************

************

*******

RNU TVPM